പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർക്ക് കാലിത വാങ്ങുന്നതിന് പരമാവധി 50% സബ്സിഡി നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാ ചെയ്തത്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 8 പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേനയാണ് കാലിത്തീറ്റ വിതര നടത്തിയത്. 2020-21 വർഷം മേൽ പ്രോജക്റ്റ് സബ്സിഡിയിനത്തിൽ 9.69 ലക്ഷം കേരള ഫീഡ്സ് ലിമിറ്റഡിന് നേരിട്ട് അക്കൗണ്ടിലേക്ക് നൽകി. ഫയൽ പരിശോധിച്ചു നിരക്ക സബ്സിഡി നിരക്ക് കാലിത്തീറ്റ ചാക്ക് ഒന്നിന് 500/-, 400/-, 600/- എ നിരക്കുകൾ നൽകിയിട്ടുണ്ട്. 14/02/2018-ലെ സബ്സിഡി മാർഗ്ഗരേഖ ന (എം.എസ്.)നം.22/2018/തസ്വഭവ പ്രകാരം പരമാവധി കാലിത്തീറ്റ സബ്സിഡി ജ വിഭാഗത്തിന് 50% ആണ്. എന്നാൽ 600/- രൂപ നിരക്കിൽ സബ്സിഡി അനുവ ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യപ്പെട്ട കാലിത്തീറ്റയ്ക്ക് പരമാവധി സബ്സി നിരക്കായ 50% ൽ അധികം നൽകിയതായി കാണുന്നു. 1,145/- രൂപയാണ് ഒരു ചാക ബിൽ പ്രകാരം കാലിത്തീറ്റയുടെ വില. പരമാവധി 572.5 രൂപ സബ്സിഡി അനുവദിക്കേ സ്ഥാനത്ത് 27.5 രൂപ അധികമായി 600/- രൂപ കർഷക സംഘം ലഭ്യമാക

സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു. 724 ഗുണഭോക്താക്കൾക്ക് 4 ബില്ല് പ്രകാരം 600/- രൂപ നിരക്കിൽ 434,400/- രൂപ സബ്സിഡി നൽകി. ബ്ലോക്ക് പഞ്ചായത്ത് ചെലവ് ബില്ലുകളുടെ വിവരം ചേർക്കുന്നു.

ക്രമ നം.	ബിൽ നം.(ACR പ്രകാരം)	തുക	ഫണ്ടിനം
1.	166/05.03.2021	174000/-	ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)
2.	176/16.03.2021	37,800/-	"
3.	201/27.03.2021	2,19,600/-	വികസനഫണ്ട് (ജനറൽ)
4.	204/27.03.2021	3,000/-	"
	ആകെ	4,34,400	

572.5 രൂപ നിരക്കിൽ 414,490/- രൂപയായിരുന്നു നൽകേണ്ടിയിരുന്ന തുക. ചെലവിനെ അധികം നൽകിയ തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ക്ഷീരസംഘം (പഞ്ചായത്ത്)	പാക്കറ്റ് (Packet)	ബിൽ നം./ തിയതി/തുക	ബിൽ തുക	നൽകേണ്ടുന്ന പകുതിയായി സബ്സിഡി	നൽകിയ സബ്സിഡി	അധികം നൽകിയ തുക
1.	വെള്ളൂർ (പാമ്പാടി)	32	KFLPI-20-21-047744 /27.02.2021	36,640/-	18,320/-	19,200/-	880/-
2.	പാമ്പാടി ഈസ്റ്റ് (പാമ്പാടി)	31	KFLPI-20-21-047522 /26.02.2021	35,495/-	17,748/-	18600	852/-
4.	കൂരോപ്പട (കൂരോപ്പട)	182	KFLPI-20-21-047265/ 24.02.2021	208,390/-	104,195/-	109,200/-	5,005/-
5.	ആനിക്കാട് (പള്ളിക്കത്തോട്)	108	KFLPI-20-21-047266/ 24.02.2021	123,660/-	61,830/-	64800	2,970/-
6.	കറിയന്നൂർ (മീനടം)	83	-	95,035/-	47,517/-	49,800/-	2,283/-
7.	കൂടല്ലൂർ (കിടങ്ങൂർ)	131	KFLPI-20-21051078/ 20.03.2021	149,995/-	74,997/-	78,600/-	3,603/-
8.	കുമ്മണ്ണൂർ (കിടങ്ങൂർ)	81	KFLPI-20-21-051079/ 20.03.2021	92,745/-	46,372/-	48,600/-	2,228/-
9.	കിടങ്ങൂർ (കിടങ്ങൂർ)	71	KFLPI-20-21-477745/ 27.02.2021	81,295/-	40,647/-	42,600/-	1,953/-
10.	മറ്റക്കര (അകലക്കുന്നം)	5	KFLPI-20-21-	5,725/-	2,863/-	3,000/-	137/-

			(B19929/ 25.03.2021				
ആകെ		724	-	828,980/-	414,490/-	434,400/-	19,910/-

സബ്സിഡിയിനത്തിൽ കാലിത്തീറ്റയുടെ ബിൽ തുകയുടെ 50% ൽ അധികമായി 19,9 രൂപ നൽകിയതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കു (നം.9/2020-21/22.02.2022) നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക മറുപടിയിൽ, ക്ഷീരസംഘം നൽകിയ ബില്ലിന്റെ തുകയുടെ 50% തുകയാണ് സബ്സ നിശ്ചയിച്ചത് എന്നാണറിയിച്ചത്. എന്നാൽ കാലിത്തീറ്റ ലഭ്യമാക്കിയ കേരള ഫീഡ്സ് ലഭ്യമാക്കിയ ഇൻവോയ്സിന് നേരിട്ട് തുക നൽകിയപ്പോൾ 50% ൽ അധികരി സബ്സിഡി അധികമായി നൽകി എന്നത് വ്യക്തമാകുന്നു. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങളും സബ്സിഡി പരിധിയും കർശനമായും പാലിക്കേണ്ടതാണ്.

1-23 കർഷക സംഘങ്ങൾ വാങ്ങിയ കമ്പ്യൂട്ടറിന് ചെലവായ തുക പ്രോജക്ടിലൂടെ തിരികെ നൽകി

പ്രോജക്ട്/പ്രോജക്ട് നം./വർഷം	മണ്ണാർകാട് കർഷക മാർക്കറ്റ് പുതിയ മാർക്കറ്റിലേക്ക് കമ്പ്യൂട്ടർ ഫർണിച്ചർ(105/21), 2020-21
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് ഡയറക്ടർ(കൃഷി)
അടങ്കൽ	2 ലക്ഷം (വികസന ഫണ്ട്-ജനറൽ)
ചെലവ്	2 ലക്ഷം രൂപ വികസന ഫണ്ട്-ജനറൽ
ചെലവ് വിശദാംശം (ബിൽ നം./തീയതി)	1.5 ലക്ഷം രൂപ CB No.1/2020-21/20.04.2020 50,000/- രൂപ CB No.4/2020-21/27.03.2021

നിറവ് കർഷക മാർക്കറ്റ്-മണ്ണാർകാട് എന്ന കർഷക സംഘത്തിന് ഇലക്ട്രോ വെയിങ് മെഷീൻ, കമ്പ്യൂട്ടർ, ഇൻവെർട്ടർ, ഫർണിച്ചർ തുടങ്ങിയവ വാങ്ങിയത് ഇൻവോയ്സ് പ്രകാരമുള്ള തുക 1.5 ലക്ഷം രൂപ കർഷകസംഘത്തിന്റെ ബ അക്കൗണ്ടിലേക്ക് (Account No.17680100023829, IFC-FDRL0001768, Federal B പ്രോജക്ട് പ്രകാരം നൽകി. വെള്ളൂർ പച്ചക്കറി ഉത്പാദക സംഘത്തിന് കമ്പ്യൂട്ടർ വാങ്ങ ഇൻവോയ്സ് പ്രകാരം 50,000/- രൂപ കർഷകസംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേ (Account No.3585101004475, IFC-CNRB0003585, Canera Bank) പ്രോജക്ട് പ്രക നൽകി. മേൽപറഞ്ഞ രണ്ട് കർഷക സംഘങ്ങളും സ്വന്തം പേരിൽ വാങ്ങിയ കമ്പ്യൂട്ടറും ഇൻവെർട്ടർ, ഫർണിച്ചർ, വെയിങ് മെഷീൻ തുടങ്ങിയവയുമാണ് ഇൻവോ ഹാജരാക്കിയപ്പോൾ ചെലവായ തുക നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായ ഫണ്ട് പ്രോജക്ട് മുഖേന നൽകിയത്.

14/02/2018-ലെ സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.22/2018/തസ്വഭവ പ്രക
നിശ്ചിത രജിസ്ട്രേഷന് ഉള്ള കർഷക സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങ
മാത്രമാണ് 90% സബ്സിഡിയോടെ ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ നിർവ്വഹ
ഉദ്യോഗസ്ഥൻ വാങ്ങി കൈമാറാവുന്നത്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഇലക്ട്രോണ
വെയിങ്ങ് മെഷീൻ, കമ്പ്യൂട്ടർ, ഇൻവെർട്ടർ, ഫർണിച്ചർ തുടങ്ങിയ ഉപകരണങ്ങൾ കർ
സംഘങ്ങൾ സ്വന്തമായി വാങ്ങിയതിന് ചെലവഴിച്ച തുക ബിൽ ഹാജരാക്കിയത്
സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖ
വ്യക്തമായ ലംഘനമാണ്. കാർഷിക ഉപകരണങ്ങൾക്ക് മാത്രം അനുവദിക്കാ
സബ്സിഡി തുക, കമ്പ്യൂട്ടർ തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾക്കും ഫർണിച്ചറ
അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്.

സർക്കാരിന്റെ സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ 2 ലക്ഷം രൂപ വികസന ഫണ
ടിന് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡ
അന്വേഷണക്കുറിപ്പിന് (നം.1/2020-21/ 17.02.2022) സർക്കാർ മാർഗ്ഗരേഖ പ്രകാര
കർഷക സംഘങ്ങൾക്ക് അനുവദിക്കാവുന്ന ഗ്രാന്റ് എന്ന നിലയിലാണ് തുക അനുവദി
എന്ന് മറുപടി ലഭ്യമാക്കി. എന്നാൽ സബ്സിഡി മാർഗ്ഗരേഖയിൽ കർഷകസംഘങ്ങ
ഗ്രാന്റ് അനുവദിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഗ്രാന്റ് തുക നിശ്ചയിക്കണം എ
നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം അപ്രകാരം ഗ്രാന്റ് തുക നിശ്ചയിക്കു
തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത വിഷയം 24/02/2022
എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചപ്പോൾ കർഷക സംഘങ്ങൾക്ക് ഗ്രാന്റ് നിശ്ചയിച്ചി
എന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ മറുപടി. ബ്ലോക്ക് പഞ്ചായ
ഭരണസമിതി നിശ്ചയിച്ച് തീരുമാനം എടുക്കാത്ത സാഹചര്യത്തിലും രണ്ട് കർ
സംഘങ്ങൾക്ക് മാത്രമായി വികസനഫണ്ട് ചെലവഴിച്ചതിലും സബ്സിഡി മാർഗ്ഗരേഖ
ലംഘനം ഉണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി
വ്യക്തമായ മറുപടിയും കമ്മിറ്റി തീരുമാനങ്ങളും ലഭ്യമാകുന്നതുവരെ മേൽ പ്രോജക്റ്റിനാ
2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ആസ്തി പരിപാലനം ഫലപ്രദമല്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ പരിപാലിക്കുന്നതിന് വ
നടപടിക്രമങ്ങൾ ഉൾപ്പെടുത്തിയ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ ഉത്തരവ് (ആ
166/2017 എൽ.എസ്.ജി.ഡി തീയതി 20-1-2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്.
ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി മാനേജ്മെന്റ് കമ
രൂപീകരിച്ചിരുന്നുവെങ്കിലും യോഗം ചേരുകയോ മറ്റ് നടപടികൾ സ്വീകരിക്കു
ചെയ്തിരുന്നില്ല. ആസ്തികളുടെ പ്രതിമാസ/അർദ്ധവാർഷിക/വാർഷിക അവലോകനം നട
റിപ്പോർട്ട് തയ്യാറാക്കിയിരുന്നില്ല. കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതു
ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിരുന്നില്ല. ആസ്തി രജി
കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്ക
ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യമല്ല പ്രതിഫലിപ്പിക്കുന്നില്ലായെന്ന് കാണുന്നു. ആ
പരിപാലനത്തിനായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാ

1-25 ബാരൽ വില പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ വികസനഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാ നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എ ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കുലർ നം.59 എഫ്എം2/07/തസ്വഭവ/30.10.07 പ്രകാരം പ്രവർത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടയ്ക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ബാരൽ വില വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊ.നം & പേര്	കുറവ് ചെയ്ത ബാരൽ വില
145/21 കുരോപ്പട ഗ്രാമപഞ്ചായത്ത് - ചേന്നംപള്ളി-പോരാളൂർ റോഡ് ടാറിങ്	7306
89/20 പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് -മന്ദിരം -കാക്കത്തോട് റോഡ് ടാറിങ്	3091
ആകെ	10397

വികസനഫണ്ട് ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. തനത് ഫണ്ടിൽ ലഭിച്ച ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം7/21-2-22) മറുപടി ലഭിച്ചിട്ടില്ല. ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-26 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ അടങ്കൽ -നിശ്ചിത പരിധി പാലിക്കുന്നില്ല

13-ാം പദ്ധതിയിലെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖ.3-5-6(1) പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപയെങ്കിലും അടങ്കലുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. റോഡിതര മെയിന്റനൻസ് പ വകയിരുത്തിയ പ്രോജക്ടുകൾ, ഘടകസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ എന്നിവ ഒഴികെയുള്ള എല്ലാ പ്രോജക്ടുകൾക്കും ഈ പരിധി ബാധകമാണ്. എന്നാൽ പാ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ വികസന ഫണ്ട് സാധാരണവിഹിതം വകയിരുത്തി താഴെ പറയുന്ന പ്രോജക്ടുകൾ പ്രസ്തുത പരിധി പാലിച്ചിട്ടില്ലായെന്ന് കാണുന്നു

പ്രോജക്ട് നം., പേര്	അടങ്കൽ	ചെലവ്
പ്രോജക്ട് നം.100/21 കോത്തല വനിതാതൊഴിൽപരിശീലനകേന്ദ്രത്തിന് ചുറ്റുമതിൽ , ഗേറ്റ് നിർമ്മാണം	3,00,000	299946
പ്രോജക്ട് നം.91/21 മീനടം ഏഴാം വാർഡ് ആലാമ്പള്ളി വട്ടുർടാങ്ക് റോഡ് കോൺക്രീറ്റിങ്	3,00,000	299584

പ്രോജക്ട് നം.120/21 അകലക്കുന്നം-വൃദ്ധരുടെ റിക്രിയേഷൻ സെന്റർ പൂർത്തീകരണം	2,49,250	249194

ബ്ലോക്ക് പഞ്ചായത്ത് പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അടങ്കൽ തുകയുടെ പ[..] പാലിക്കാത്തത് സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. പ്രസ്തുത വിഷയത്തിലേ[..] ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-27 ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിലല്ലാത്ത ഭൂമിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ ക്രമവിരുദ്ധം

ബ്ലോക്ക് പഞ്ചായത്ത് 2020-21 വർഷം നടപ്പാക്കിയ ചില നിർമ്മാണപ്രവൃത്തി[..] ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ട ഭൂമിയിലല്ലായെന്ന് കാണ[..] ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ളതോ കൈമാറിക്കിട്ടിയതോ ആ[..] ഭൂമിയിൽ നിർമ്മാണപ്രവർത്തനം നടത്താവൂ എന്നിരിക്കെ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാ[..] ചില പ്രോജക്ടുകളുടെ ഉടമസ്ഥാവകാശം പരിശോധിച്ച് ഉറപ്പുവരുത്തിയിരുന്നില്ലായെ[..] കാണുന്നു. നിർമ്മാണ പ്രവർത്തനം നടന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധ[..] വ്യക്തതയില്ലാതെ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പ്രോ.നം & പേര്	ചെലവഴിച്ച തുക
1	92/21- അകലക്കുന്നം ഗ്രാമപഞ്ചായത്ത് - [illegible] BSSനെഹ്റു മെമ്മോറിയൽ ലൈബ്രറിക്ക് കളിസ്ഥലം	150000
2	102/21 -പാമ്പാടി പ്ലാക്കടി കർഷകഭൂമിയുടെ മണ്ണ് സംരക്ഷണത്തിന് [illegible] കെട്ടൽ	595426
3	90/21 – കൂരോപ്പട -ഇടയ്ക്കാട്ടുകുന്ന് സെന്റർ ലൈബ്രറി ഹാൾ നിർമ്മാണം	432402
4	103/21 കോത്തല പാടശേഖരം-സംരക്ഷണഭിത്തി നിർമ്മാണം	532742

നിർമ്മാണപ്രവൃത്തി നടന്ന മേൽപറഞ്ഞ പ്രോജക്ടുകളുടെ ആസ്തികളുടെ ഉടമസ്ഥാവക[..] സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (14/24.02.20[..] മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി വി[..] ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തിയാണെ[..] ഉറപ്പുവരുത്തി മാത്രം നിർമ്മാണപ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 ആവശ്യാധിഷ്ഠിതമല്ലാതെയുള്ള കെട്ടിടനിർമ്മാണപ്രോജക്ടുകൾ- സർക്കാർ ഗ്രാന്റുകളുടെ പാഴ്ചെലവ്

ബ്ലോക്ക് പഞ്ചായത്തിൽ വർഷം തോറും വനിതാ തൊഴിൽ പരിശീലനകേന്ദ്ര[..] വനിതാവികസനകേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണങ്ങൾക്കായി പദ്ധതി

ചെലവഴിക്കുക എന്ന ഉദ്ദേശത്തോടെ മാത്രം നിരവധി പ്രോജക്ടുകൾ നടപ്പാക്കി വരുന്നത കാണുന്നു. മുൻവർഷങ്ങളിലും വിവിധ ഗ്രാമപഞ്ചായത്തുകളിൽ ആവശ്യാധിഷ്ഠിതമല്ല നിരവധി തൊഴിൽ പരിശീലനകേന്ദ്രങ്ങൾ നിർമ്മാണം നടത്തിയത് മുൻവർഷ ഓഡ റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതാണ്. 2020-21 വർഷം നിർമ്മാണത്തിന്റെ വി ഘട്ടങ്ങളിലുള്ള കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	വകയിരുത്തിയ തുക	തൻവർഷം ചെലവഴിച്ച തുക
72/20 എളിക്കുളം-മൈക്കുളി ഗ്രന്ഥശാലയുടെ മുകളിൽ വനിതതൊഴിൽ പരിശീലനകേന്ദ്രം	118247	118247
85/20 & 149/21 എളിക്കുളം -ഉരുളികുന്നം ഉദയ അംഗൻവാടിയ്ക്ക് മുകൾവശം വനിതതൊഴിൽ പരിശീലനകേന്ദ്രം	478676 330585	148091 330478
91/20, 126/21, 84/21, 72/21, 95/21 കുരോപ്പട തോട്ടുപള്ളി വനിത തൊഴിൽ പരിശീലനകേന്ദ്രം	31,08,607	21,49,272
120/20കണർകാട് രണ്ടാം വാർഡിൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം	979015	853296
100/21 കുരോപ്പട -കോഴല വനിതാ തൊഴിൽ പരിശീലനകേന്ദ്രം	300,000	299946
122/21 പള്ളിക്കത്തോട് -മറ്റപ്പള്ളി അംഗൻവാടിയ്ക്ക് മുകൾവശം വനിതാ തൊഴിൽ പരിശീലനകേന്ദ്രം	500000	500000

13-ാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.11/2018 തി:29.1.18) പ്രകാരം പു കെട്ടിട നിർമ്മാണം നിർദ്ദേശിക്കുന്ന അവസരത്തിൽ സ്ഥാപനപരിധിയിൽ നിർമ്മ ആസ്തിയുണ്ടോയെന്നും ഉണ്ടെങ്കിൽ ആയവ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെ പരിശോധിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിലുള്ളവ ഉപയോഗപ്പെടുത്തുക സാധിക്കുമോ എന്നത് പരിഗണിക്കാതെ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പുതുതായി ഓ വർഷവും നിർമ്മിക്കുകയാണ് ബന്ധപ്പെട്ട സ്റ്റാന്റിങ് കമ്മറ്റികൾ പ്രോജക്ടുകളു യുക്തിസഹമായ വിലയിരുത്തൽ നടത്തുന്നില്ലായെന്ന് വ്യക്തമാകുന്നു. നിർമ്മാ പൂർത്തിയായ തൊഴിൽപരിശീലനകേന്ദ്രങ്ങളിൽ പോലും യാതൊരു പ്രവർത്തനങ്ങളുമില്ല

അടഞ്ഞ് കിടക്കുന്ന അവസ്ഥയിലാണ്. പലകെട്ടിടങ്ങളും പ്രവർത്തനരഹിത സാമൂഹ്യവിരുദ്ധരുടെ താവളമായിത്തീർന്ന അവസ്ഥയാണെന്ന് കമ്മറ്റി അംഗങ്ങൾ എ മീറ്റിങ്ങിൽ അറിയിച്ചു. തുടർ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ നിലവിലുള്ള കെട്ടിട ഉപയോഗയോഗ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. പ്ര വിഷയത്തിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിങ് കമ്മറ്റിയുടെ ശ്രദ്ധ പതിയേണ്ടതാണ്.

<u>1-29 മൂഴൂർ കർഷകമാർക്കറ്റിലേക്ക് ഡ്രയർ യൂണിറ്റ് വാങ്ങൽ-സർക്കാർ അനുമതി ലഭ്യമാക്കിയില്ല– കർഷകസംഘങ്ങളുമായി കരാർ വച്ചിട്ടില്ല</u>

പ്രോജക്റ്റ് നം & പേര്	119/21 മൂഴൂർ കർഷകമാർക്കറ്റ് നിർമ്മാണം
അടങ്കൽ	400000/-(വികസനഫണ്ട്) 500000/-(ജില്ലാപഞ്ചായത്ത് വിഹിതം)
ചെലവ്	400000/-(വികസനഫണ്ട്) Bill No 63/31-3-2021
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ

മൂഴൂർ കർഷകമാർക്കറ്റ് നിർമ്മാണം പ്രോജക്റ്റിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീ നിർവ്വഹണോദ്യോഗസ്ഥനായി മൂഴൂർ കർഷക മാർക്കറ്റിന് 3,27,000/-രൂപ ചെലവ ഡ്രയർ യൂണിറ്റ് വാങ്ങിയിരുന്നു. കാർഷികഉപകരണങ്ങളുടെ ഉപയോഗക്ഷമത പരിശോ ഉറപ്പാക്കി വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത് കൃഷി വകുപ്പുമായി ബന്ധ ഉദ്യോഗസ്ഥരാണന്നിരിക്കെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥ കാർഷിക ഉപകരണങ്ങളുടെ വാങ്ങൽ പ്രോജക്റ്റ് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല. ടെണ്ടർ നടപടികളിലൂടെ [illegible] [illegible] എന്ന സ്ഥാപനത്തിൽ നിന്ന വാങ്ങൽ നടത്തിയിട്ടുള്ളത്. വാങ്ങിയ ഡ്രയർ യൂണിറ്റിന്റെ കൈമാറ്റം, നിയന്ത്ര ണത്തിനോടും, നടത്തിപ്പ് എന്നിവയുമായി സമിതി രൂപീകരിച്ചിരുന്നില്ല. വാടക നി പരിപാലനം എന്നിവ സംബന്ധിച്ച് കർഷകസംഘങ്ങളുമായി കരാർ വച്ചിരുന്നില്ല. പ്ര വാങ്ങൽ സംബന്ധിച്ച് പർച്ചേസ് കമ്മറ്റിയുടെ അറിവോ അനുമതിയോ ഇല്ലാതെ കാണുന്നു. സ.ഉ (എംഎസ്) 22/2018 തസ്വഭവ തീയതി 14-2-18 പ്രകാരം സർ ഫണ്ടുകൾ വിനിയോഗിച്ച് ഡ്രയർ യൂണിറ്റ് വാങ്ങി നൽകാൻ അനുമതിയില്ലാത്തതാ പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്ക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21-2-22) മറുപടി ലഭ്യമായിട്ടി ഡ്രയർ യൂണിറ്റ് ഒഴികെയുള്ള മറ്റ് കാർഷികഉപകരണങ്ങൾ വാങ്ങി നൽകുന്ന കർഷകസമിതികൾക്കും സംഘങ്ങൾക്കും അനുവദിക്കാവുന്ന സബ്സിഡി 90% മാത്രമാ 100% തുകയും ചെലവഴിച്ച് ഡ്രയർ യൂണിറ്റ് വാങ്ങി നൽകിയതിന് കൃത്യമായ വിശദീകര ലഭ്യമാക്കിയില്ല. ഡ്രയർ യൂണിറ്റ് വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കാത്തതിന വാങ്ങിയ മെഷീൻ കർഷക സംഘങ്ങളുമായി കൃത്യമായ കരാറിലേർ

കൈമാറാതിരുന്നതിനാലും ഒരേ പ്രോജക്ടിനായുള്ള 327000/- രൂപയുടെ ചെ
അന്യൂപ്പെടുന്നു.

1-30 കുടിവെള്ളപദ്ധതികൾ -പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല-ലക്ഷ്യം കൈവരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2019-20, 2020-21 കാലയളവിൽ നിലവിലുള്ളവ വിപുലീകരണത്തിനും പുതിയതുമായി അസിസ്റ്റന്റ് എഞ്ചിനീ നിർവ്വഹണോദ്യോഗസ്ഥനായി നിരവധി കുടിവെള്ളപദ്ധതികൾ ആരംഭിച്ചിരുന്നു. എന്ന പ്രസ്തുത പ്രോജക്ടുകളുടെ എസ്റ്റിമേറ്റിൽ പൂർത്തീകരണത്തിന് ആവശ്യമായ ഇന ഉൾപ്പെടുത്താതെ ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമൂലം പദ്ധതികൾ ഒന്നും ത ലക്ഷ്യത്തിലെത്താത്ത സ്ഥിതി വിശേഷമാണ്. സ.ഉ (കൈ) നം 11/2018തസ്വഭവ തീ 29-1-2018 പ്രകാരം കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന പ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതികൾ രൂപീകരിക്കണമെന്നും പ കുടിവെള്ള പ്രോജക്ടുകൾക്കും പരമാവധി ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തണമെന്നു സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ലായെന്നു കാണുന്നു. കൂടാതെ പ്രോജക്ടിന്റെ ഇത് നടത്ത അറ്റകുറ്റപ്പണിയും ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷം പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ എന്നും പ്രസ്തുത ഉത്തരവിൽ പറയുന്നു. എന്ന ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രോജക്ടുകൾക്കൊന്നും ത ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് കരാറിലേർപ്പെട്ടിട്ടില്ലായെന്ന് കാണുന്നു.

ക്രമനം	പ്രോ.നം & പേര്	അടങ്കൽ	ചെലവ്
1	167/20 എലിക്കുളം - രണ്ടാംമൈൽ ഇരുമ്പുകത്തി SC കോളനി കുടിവെള്ള പദ്ധതി	500000	173955
	101/21 എലിക്കുളം - രണ്ടാംമൈൽ ഇരുമ്പുകത്തി SC കോളനി കുടിവെള്ള പദ്ധതി	326045	318284
2	40/21 കിടങ്ങൂർ -ചെറുമണ്ണൂർ ജലസേചനപദ്ധതി	550000	450000
3	54/21 എലിക്കുളം -പുല്ലാട്ട് കുന്ന് കുടിവെള്ള പദ്ധതി	343000	211330
	94/21 എലിക്കുളം -പുല്ലാട്ട് കുന്ന് കുടിവെള്ള പദ്ധതി	600000	507871
4	59/21 കിടങ്ങൂർ- കുന്നംപുറം കുടിവെള്ളപദ്ധതി	500000	416131
5	73/21 എലിക്കുളം -കൊടിപ്പുറമ്പിൽ കുടിവെള്ളപദ്ധതി	550000	394018
6	96/21 പള്ളിക്കത്തോട്- പൊന്മലക്കുന്ന് കുടിവെള്ളപദ്ധതി	500000	450455

7	97/21 പള്ളിക്കത്തോട്- ഇളമ്പള്ളി പക്കാംമുഴ കുടിവെള്ളപദ്ധതി	400000	399923
8	117/21 പാമ്പാടി- മരോട്ടപ്പള്ളി ISC കോളനി കുടിവെള്ളപദ്ധതി	1000000	868082
9	118/21 കുളങ്ങളും അനുബന്ധ ജലസംഭരണികളും നിർമ്മാണം	300000	299986
10	141/21 പള്ളിക്കത്തോട്- പുളിയുറുമ്പിൽ-മൈലാടുകുന്ന് ജലസേചനപദ്ധതി	500000	440620
11	151/21 എളിക്കളം -പള്ളിക്കുന്ന് കുടിവെള്ള പദ്ധതി	285000	85000

മേൽപറഞ്ഞ കുടിവെള്ള പ്രോജക്ടുകൾ മിക്കതിന്റെയും ജലസ്രോതസ് കുഴൽക്കിണറുകളാ
ഈ കുഴൽക്കിണറുകൾക്ക് കുടിവെള്ള പദ്ധതിക്കാവശ്യമായ ജലലഭ്യത സംബന്ധ
സാക്ഷ്യപത്രം ഫയലിലില്ല. പ്രസ്തുത പ്രോജക്ടുകൾ ഒന്നും തന്നെ പ്രവൃത്തി പൂർത്തീക
കമ്മീഷൻചെയ്ത് ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടുള്ളതിന്റെ രേഖകളൊ
ഫയലിലില്ല. 23-2-22ന് എൽഎസ്ജിഡി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ ന
പരിശോധനയിൽ താഴെ പറയുന്ന കുടിവെള്ളപദ്ധതികൾ ഭാഗികമായ ജോലികൾ മ
ചെയ്തിരിക്കുന്നതായി കാണപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊടിപ്പുറമ്പിൽ കുടിവെള്ളപദ്ധതി

പ്രോ.നം	73/21
അടങ്കൽ	450000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) + 1,00,000 (തനത് ഫണ്ട്) = 5,50,000
ചെലവ്	394018 (Bill No.65/30.03.2021)
കരാറുകാരൻ	തമ്പി തോമസ്

പ്രസ്തുത കുടിവെള്ളപദ്ധതിക്കായി 300 അടി ആഴത്തിലുള്ള കുഴൽക്കി
സ്ഥാപിച്ചിട്ടുണ്ട്. കുഴൽക്കിണറിൽ നിന്നും ടാങ്കിലേക്ക് 75mm പമ്പിങ് മെ
സ്ഥാപിക്കാനായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ടാങ്കിൽ നിന്നും കിണറിലേക
685m നീളത്തിലാണ് പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. പൈപ്പ് കിണറിന്റെ സമീപം
എത്തിയിട്ടില്ല. മോട്ടോർ, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടില്ല. നിലവി
കുടിവെള്ളപദ്ധതിയുടെ ടാങ്കിലേക്കാണ് വെള്ളം പമ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. നില
പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് വിതരണപൈപ്പ് ലൈൻ സ്ഥാപിക്കൽ ഉൾ
വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി പൂർത്തീകരിക്ക

സാഹചര്യത്തിൽ ടി പ്രോജക്ടിനായുള്ള 394018/-രൂപയുടെ ചെലവ് ഓഡി തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറി വി അറിയിക്കേണ്ടതാണ്.

2. പുല്ലാട്ടുകുന്ന് കുടിവെള്ളപദ്ധതി

പ്രോ.നം	54/21	94/21
അടങ്കൽ	343000	600000
ചെലവ്	211330(60/29-3-21)	507871(36/29-5-20)
കരാറുകാരൻ	തമ്പി തോമസ്	അൽഫോൻസ് ജോർജ്

പുല്ലാട്ടുകുന്ന് കുടിവെള്ളപദ്ധതിയു സ്രോതസ് സ്ഥാപിച്ച് ജലം ഉറപ്പുവരുത്തുന്നതിന് മുൻപ് വ വിതരണലൈനുകൾ സ്ഥാപിക്കുകയുണ്ടായത്. നിലവിൽ ബോർവെൽ നിർമ്മിച്ചിട്ടുണ്ട്. പമ്പിങ് മെയിൻ സ്ഥാപി കിണറുമായി സംയോജിപ്പിച്ചിട്ടില്ല. മോട്ടോർ, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടില്ല. മ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാത്തതിനാൽ ടി പ്രോജക്ടിനായുള്ള 719201/- രൂപ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതിക കൈമാറി വിവരം അറിയിക്കേണ്ടതാണ്.

<u>1-31 വിവിധ പഞ്ചായത്തുകൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 68,63,311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

2020-21 സാമ്പത്തിക വർഷം വികസനഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നട താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	പ്രോജക്ടിന്റെ നമ്പർ	പ്രോജക്ടിന്റെ പേര്	തുക/ ബിൽ നം.	നിർവ്വഹണ ഉദ്യോഗസ്ഥ
1	SO128/21	പാലുമടക്കൽ പാലം-മടപ്പള്ളി കണ്ണന്ത ഭാഗം റോഡ് കോൺക്രീറ്റിംഗ് (എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	274120 67/22.06.20	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

2	SO126/21	ഇളങ്ങുളം ഡിവിഷനിൽ വട്ടമാനം വാർഡിൽ-പാമ്പോലി-ഏഴാം മൈൽ റോഡിന്റെ സൈഡ് വീതി കൂട്ടികോൺക്രീറ്റിംഗ്.(എലിക്കുളം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	227045 232/31.3.20	"
3	S034/21	മുഴയനാൽ എസ്.സി.കോളനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ	344621 (എസ്സിപി) 237/31.3.21	"
4	S0159/21	കിടങ്ങൂർ പഞ്ചായത്ത് വാർഡ് എട്ട് ചെമ്പിളാവ് പാടശേഖര ജലസേചന പദ്ധതി(കിടങ്ങൂർ പഞ്ചായത്തിന് തുക കൈമാറൽ)	170300 230/31.3.21	"
5	SO129/21	മുത്തോലി ഗ്രാമപഞ്ചായത്തിൽ കുളനക്കുളം-ആലപ്പുരട്ടുപടി റോഡ് കോൺക്രീറ്റിംഗ്(മുത്തോലി ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	200000 73/22.6.20	"
6	SO124/21	കിടങ്ങൂർ പഞ്ചായത്ത് വാർഡ് 11 കരിക്കാട്ടിൽ പടവലിൽ റോഡ് കോൺക്രീറ്റിംഗ്(കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	199343 71/22.6.20	"
7	SO127/21	അമ്പലപ്പാറ കോളനി നടപ്പാത പൂർത്തീകരണം (അകലക്കുന്നം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	100000 69/22.6.20	"
8	S0123/21	കിടങ്ങൂർ ഗ്രാമപഞ്ചായത്ത്-നെൽകൃഷി കൂലിച്ചിലവ് സബ്സിഡി (കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	400000 63/22.6.20	"
9	SO189/21	മണ്ണാക്കനാട് പി.എച്ച്.സി കോമ്പൗണ്ടിൽ ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് നിർമ്മാണം (അകലക്കുന്നം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	150000 236/31.3.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	"
10	SO171/21	കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ അകലക്കുന്നം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	300000 156/5.2.21	"
11	SO133/21	ബഡ്സ് പ്രവർത്തനങ്ങൾക്ക് (കിടങ്ങൂർ ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറൽ)	72777 72/22.6.20	"

12	SO161/21	പാമ്പാടി ഗ്രാമപഞ്ചായത്ത്,ഗ്രാമം അംഗനവാടി നിർമ്മാണം (പാമ്പാടി ഗ്രാമപഞ്ചായത്തിന വിഹിതം കൈമാറൽ)	500000 238/31.3.21	"
13	SO167/21	കിടങ്ങൂർ പഞ്ചായത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (കിടങ്ങൂർ ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	248906 234,235/ 31.3.21	"
14	SO166/21	അകലക്കുന്നം ഡിവിഷനിലെ മുഴൂർ, ഇടമുള,ചെപ്പിലങ്ങാട്,മറ്റക്കര,കരിമ്പാനി, കണിപ്പറമ്പ്,പൂവത്തിളപ്പ് എന്നിവിടങ്ങളി ലെക് സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (അകലക്കുന്നം ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	553000 157/5.2.21	"
15	SO162/21	മണർകാട് പഞ്ചായത്ത് വാർഡ്-6 പൂവത്തോട്ടം പാടി പള്ളാട്ടുപടി റോഡ് കോൺക്രീറ്റിംഗ് (മണർകാട് ഗ്രാമപഞ്ചായത്തിന് തുക കൈമാറി)	100000 233/31.3.21	"
16	SO137/21	ജൈവമാലിന്യ സംസ്കരണം ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	210000 153/5.2.21	"
17	SO136/21	പാലിയേറ്റീവ് കെയർ മീനടം ഗ്രാമപഞ്ചായത്തിന വിഹിതം നൽകൽ	250000 64/22.6.20	"
18	SO125/21	അകലക്കുന്നം ഗ്രാമപഞ്ചായത്ത് കരിമ്പാനി-പുള്ളോലി റോഡ് പൂർത്തീകരണം കോൺക്രീറ്റിംഗ് (അകലക്കുന്നം ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	250000 70/22.6.20	"
19	SO130/21	അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ പൂവത്തിളപ്പ് വാട്ടർ ടാങ്കിൽ നി ന്നാരംഭിക്കുന്ന പൈപ്പ് ലൈൻ സ്ഥാപിക്കൽ(അകലക്കുന്നം ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	300000 57/2.6.20	"
20	SO114/21	മണർകാട് പഞ്ചായത്ത് വാർഡ്-5 പാറപ്പടി-വടക്കൻ മണ്ണൂർപടി റോഡ് കോൺക്രീറ്റിംഗ് (മണർകാട് ഗ്രാമപഞ്ചായത്തിന തുക കൈമാറൽ)	100000 231/31.3.21	"
21	SO115/21	മണർകാട് പഞ്ചായത്ത് വാർഡ്-4 തെക്കേൽപടി-കളത്ത് പുറത്ത് പടി റോഡ് -ബ്ലോക്ക് കട്ട	200000 154/5.2.21	"

		പാതകൾ (മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)		
22	SO132/21	പുല്ലാനിത്തകിടി കുടിവെള്ള പദ്ധതി (പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	250000 65/22.620	"
23	SO190/21	മണ്ണാർക്കാട് പഞ്ചായത്ത് അക്ഷര അംഗൻവാടി വാർഡ്-8 പൂർത്തീകരണം (മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	170260 241/31.3.21	"
24	SO134/21	എലിക്കുളം പഞ്ചായത്ത് മനോലി-ചിറക്കുളം റോഡ് കോൺക്രീറ്റിംഗ് എലിക്കുളം ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	499577 68/22.6.20	"
25	SO135/21	പാമ്പാടി ഗ്രാമപഞ്ചായത്തിലെ പാമ്പാടി ഡിവിഷൻ വരുന്ന വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (പാമ്പാടി ഗ്രാമപഞ്ചായത്തിന് തുക കൈമാറൽ)	500000 240/31.3.21	"
26	131/21	വെള്ളാപ്പള്ളി കുടിവെള്ള പദ്ധതി (പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തിന്)	250562 66/22.6.20	"
27	154/21	സുഭിക്ഷകേരളം ഗ്രാമപഞ്ചായത്തുകൾക്ക് തരിശ് കൃഷിക്ക് തുകകൈമാറുന്നു.	42800 228/31.3.21 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)	"
ആകെ			6863311	

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള68,63,311/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 സെക്രട്ടറി നടപ്പാക്കിയ ഡെപ്പോസിറ്റ് വർക്കുകൾ - വിനിയോഗസാക്ഷ്യപത്രമില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് ചുവടെ ചേർക്കും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

	പ്രോജക്ട് നം	പ്രവൃത്തിയുടെ പേര്	തുക കൈമാറിയ സ്ഥാപനം	തുക	ബിൽ നം /തീയതി
1	175/21	കാവുംപടി മൈലപ്പള്ളിപ്പടി തല തണ്ണീർപ്പടി പാലങ്ങൾ കലുങ്ക്	കേരള വാട്ടർ അതോറിറ്റി	500000	33/21.10.20

		റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ			
2	66/21	കാൻകോട് പഞ്ചായത്ത് വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി	200000	66/20.2.21
3	20/21	അകലക്കുന്നം പഞ്ചായത്തിലെ പൂവത്തിളപ്പ് കുടിവെള്ള കേരള വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി	850000	34/21.10.20
4	107/21	അകലക്കുന്നം പഞ്ചായത്തിലെ ഇടമുള കുടിവെള്ള വാട്ടർ ടാങ്കുകളിൽ നിന്നും കുടിവെള്ള ഭാഗത്തേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി	1561000	3/15.4.20
5	106/21	കാൻകോട് ഗ്രാ.പ 1,13 വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ	കേരള വാട്ടർ അതോറിറ്റി	210000	4/15.4.20
6	21/21	ചെങ്ങളം ഡിവിഷനിൽ ഉൾപ്പെട്ട പഞ്ചായത്തിൽ പഴയപറമ്പിൽ ഭാഗം [illegible] ലൈൻ ദീർഘിപ്പിക്കലും മാറ്റി സ്ഥാപിക്കലും	കെ.എസ്.ഇ.ബി	36988	37/6.11.20
7	22/21	പുത്തൻപടി 3 ഫേസ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരണം	കെ.എസ്.ഇ.ബി	229967	22/5.11.20

8	99/21	മീനടം ഗ്രാ.പ.13-ാം വാർഡ് പന്നിക്കോട്ട് പടി കൊറ്റാട്ടി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	കെ.എസ്.ഇ.ബി	86200	6/15.4.20
9	24/21	പുതുക്കിയ ഗ്രാ.പ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , കോട്ടയം	300000	50/28.2.21
10	109/21	തോട്ടപ്പള്ളി വനിതാ മാർക്കറ്റിൽ പരിസരം കേന്ദ്ര കുഴൽ കിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , കോട്ടയം	250000	2/15.4.20
11	108/21	കുറ്റിപ്പുറ പഞ്ചായത്തിൽ വട്ടപ്പറ ഭാഗത്ത് കുഴൽകിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് , കോട്ടയം	65000	1/15.4.20
		ആകെ		42,89,155	

മേൽ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.10/23.02.2022) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി മറുപടി ന പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച 4289155/- രൂപയുടെ ചെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർവ്വഹണ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്യുമ്പോ കരാറിൽ ഏർപ്പെടേണ്ടതാണ്. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ നിർവ്വഹണ ഏജൻസികൾ പ്രോജക്ട് വിഭാവനം ചെയ്ത പ്രകാരം പ്രവൃ പൂർത്തീകരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും ഉ വരുത്തേണ്ടതാണ്.

1-33 കോവിഡ് 19 അവലോകനം

കോവിഡ് 19 നോടനുബന്ധിച്ച് കോവിഡ് സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെ 16.11.20 മുതൽ പാമ്പാടി താലൂക്ക് ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചിരു സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് ഭക്ഷണം കുടുംബശ്രീ കഫേ ഏർപ്പെടുത്തിയിരുന്നു. ഒരാൾക്ക് പ്രതിദിനം 120/- രൂപ നിരക്കിൽ കുടുംബശ്രീ കഫേ ഭക്ഷണം നൽകുകയാണ് ചെയ്തത്. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക തനത് ഫണ്ട് 541925 രൂപ ഈ വർഷം ചെലവഴിച്ചിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLEA Act 1994 സെക്ഷൻ 16,KLEA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പട്ടിക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായ ഭരണസമിതി അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡി ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/02/2022-ൽ പരിശോധ വിശദീകരണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡ ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗ റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവ സാക്ഷിപ്പെടുത്തി യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 വർഷം കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച സംയുക്ത പ്രോ ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
കോട്ടയം ജില്ല പഞ്ചായത്ത്	2020-21	374,500/-	മരിതാട്ടുള പാടശേഖരം മോട്ടോർ വാങ്ങൽ(180/21)	0-	374,500/-
ആകെ		374,500/-	**ജില്ല പഞ്ചായത്ത് വിഹിതം**	**0**	374,500/-

ജില്ലാ-ഗ്രാമ പഞ്ചായത്ത് ഫണ്ടുകളുടെ വിനിയോഗം എ.സി.ആർ. സൂക്ഷ നിരീക്ഷിക്കുന്നില്ല. വിവിധ തദ്ദേശ സ്ഥാപന ഗ്രാന്റിന്റെ വിനിയോഗത്തിന് എ.സി.ആ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്ക പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും ഗ്രൗണ്ട് വ വകുപ്പിലും(GWD) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം ഇ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
വാട്ടർ അതോറിറ്റി	അകലക്കുന്നം പഞ്ചായത്തിലെ പൂവത്തിളപ്പ് കേരള വാട്ടർ അതോറിറ്റി ടാങ്കിൽ നിന്നും വിതരണ ലൈൻ സ്ഥാപിക്കൽ(20/21)	850,000/-	0	850,000/-
	മണർകാട് പഞ്ചായത്തിലെ വാർഡ് 12,13,16 പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ(66/21)	200,000/-	0	200,000/-
	മണർകാട് പഞ്ചായത്ത് വാർഡ് 1,13 പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ(106/21)	210,000/-	0	210,000/-
	അകലക്കുന്നം പഞ്ചായത്തിലെ ഇടമുള കരിമ്പാനി വാട്ടർ ടാങ്കുകളിൽ നിന്നും കരിമ്പാനി ഭാഗത്തേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് KWA തുക നൽകൽ(107/21)	1,561,000/-	0	1,561,000/-
	കാവുംപടി മൊഴിപ്പള്ളിപ്പടി കിഴക്കുംപടി	500,000/-	0	500,000/-

	തലക്കടത്തൂർ പടി പാണ്ടവർ കുളി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ വാട്ടർ അതോറിറ്റിക്ക് തുക കൈമാറുന്നത്(175/21)			
ആകെ വാട്ടർ അതോറിറ്റിയിൽ നൽകിയത്		**3,321,000/-**	**0**	**3,321,000/-**
KSEB	ചെങ്ങളം ഡിവിഷനിൽ എടരിക്കോടും പഞ്ചായത്തിൽ പഴയപറമ്പിൽ ഭാഗം വൈദ്യുതലൈൻ ദീർഘിപ്പിക്കലും മാറ്റി സ്ഥാപിക്കലും പൂർത്തീകരണം(21/21)	36,988/-	0	36,988/-
	എറുത്തുംപടി ത്രീഫേസ് ലൈൻ സ്ഥാപിക്കൽ പൂർത്തീകരണം (22/21)	229,967/-	0	229,967/-
	തിനടം പഞ്ചായത്ത് 6-ാം വാർഡ് പനിക്കോട് പടി കൊരട്ടി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (99/21)	86,200/-	0	86,200/-
ആകെ കെ.എസ്.ഇ.ബി.-യിൽ നൽകിയത്		**353,155/-**	**0**	**353,155/-**
GWD	എടരിക്കോട് ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം(24/21)	300,000/-	0	300,000/-
	ഇരമ്പ്ര പഞ്ചായത്തിൽ വട്ടപ്പാറ ഭാഗത്ത് കുഴൽ കിണർ നിർമ്മാണം(108/21)	65,000/-	0	65,000/-

	തോട്ടപ്പള്ളി വനിത തൊഴിൽ പരിശീലന കേന്ദ്രം കുഴൽ കിണർ നിർമ്മാണം മോട്ടോർ പമ്പിങ് (109/21)	250,000/-	0	250,000/-
ആകെ GWD-യിൽ നിക്ഷേപിച്ചത്		**615,000/-**	**0**	**615,000/-**

നിക്ഷേപ പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത സൂക്ഷിച്ചിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 33.21 ലക്ഷം രൂപയിൽ 19.71 ല രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്. പ്രോ നം.20/21, 175/21 എന്നിവ പ്രകാരം നിക്ഷേപിച്ച 13.5 ലക്ഷം രൂപ നിക്ഷ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. GWD-യിൽ നിക്ഷേപിച്ച 6.15 ലക്ഷം രൂപ 3.15 ലക്ഷം രൂപ മാത്രമാണ് നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കു പ്രോജക്റ്റ് നം.24/21 പ്രകാരം നിക്ഷേപിച്ച 3 ലക്ഷം രൂപ നിക്ഷേപ ശീർഷകത്ത അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ് അപാകതകൾ പരിഹരിച്ച് വിശദാ അറിയിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികളുടെ ഡെപ്പോസിറ്റ് രജിസ്റ്റർ 31/03/2021 (പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും 2020-21 വർഷം കരാറിനർ പ്രവൃത്തികം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2020-21 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് വായ്പയിനത ബാധ്യതയായി മുന്നിരിപ്പോ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയോ ഇല്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

2020-21 വർഷത്തെ ധനകാര്യ പത്രിക 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലേ പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വര ബ്ലോക്ക് പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വ തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കാനുള്ള തുകകളുടെ വിവരം രജിസ്റ്റർ തയ്യാറ ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഈടാക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാ വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെട്ട തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 19 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാ

റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികക വിശദാംശം താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	17,18,19,20, 28,29,34	2003-04		വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പദ്ധതി- അപാകതകൾ (ആകെ ചെലവ്-1,08,709 രൂപ)	വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ്
2018-19	3-1	2019-20		വായ്പ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചു പലിശയിനത്തിൽ അധിക ബാധ്യത	വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996 കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്ജ്/സർച്ചാർജ്ജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	65,099,889/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	59,064,316/-
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	12,953,557/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	160,872/-	ബിജി സി. മാത്യൂസ്, സെക്രട്ടറി

1-23	200,000/-	റീന ജോൺ, അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)
1-29	327,000/-	ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ
1-30(1)	394,018/-	ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ
1-30(2)	507,871/-	ഷെജിമോൾ പി. പി., അസിസ്റ്റന്റ് എഞ്ചിനീയർ
1-30(2)	211,330/-	ജിനു വി., അസിസ്റ്റന്റ് എഞ്ചിനീയർ
1-31	6,863,311/-	ലിബി സി. മാത്യൂസ്, സെക്രട്ടറി
1-32	4,289,155/-	ലിബി സി. മാത്യൂസ്, സെക്രട്ടറി
ആകെ	**12,953,557/-**	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത് വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഖണ്ഡിക 1-12, 1-14

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡ റിപ്പോർട്ടുകളിൽ 28/02/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡ റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെ അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01&2001-02	കെ.എസ്.എ-കെ.ടി.എം.പി15/ അ318/815(1)/2018/08.05.2018	21
2002-03	കെ.എസ്.എ-കെ.ടി.എം.പി15/ അ318/815(2)/2018/08.05.2018	6
2003-04	കെ.എസ്.എ-കെ.ടി.എം.പി15/ അ318/815(3)/2018/08.05.2018	10

2004-05	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(4)/2018/08.05.2018	1
2005-06	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(5)/2018/08.05.2018	9
2006-07	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(6)/2018/08.05.2018	6
2007-08	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(7)/2018/08.05.2018	2
2008-09	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(8)/2018/08.05.2018	1
2009-10	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(9)/2018/08.05.2018	3
2010-11	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(10)/2018/08.05.2018	10
2011-12	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(11)/2018/08.05.2018	13
2012-13	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(12)/2018/10.05.2018	11
2013-14	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(13)/2018/10.05.2018	7
2014-15	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(14)/2018/10.05.2018	7
2015-16	കെ.എസ്.എ-കെ.ടി.എം.പി15/ അടാ18/815(15)/2018/11.05.2018	8
2016-17	കെ.എസ്.എ-കെ.ടി.എം.പി15/994/2020/11.11.2020	10
2017-18	കെ.എസ്.എ-കെ.ടി.എം.പി15/727/2020/27.10.2020	9
2018-19	കെ.എസ്.എ- കെ.ടി.എം.പി15/1229/2019/11.03.2020/03.05.2020	30

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖക സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്ന അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയ
കേരള സംസ്ഥാന ഓഡിറ്റ് വ
ജില്ലാ ഓഡിറ്റ് കാര്യാലയം-കോ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്